(ബി) അപേക്ഷ കൊടുത്തു ഏഴും എട്ടും മാസങ്ങൾ കഴിഞ്ഞിട്ടും തീർത്തിട്ടില്ലാത്ത പ്രോവിഡൻറ ഫണ്ടു കണക്കുകൾ ഉണ്ടെന്നു പറയുന്നതു് വാസ്തവമാണോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അതിലേക്കു് ആവശ്യമായ പ്രമാണങ്ങൾ ഹാജരാക്കിയാൽ താമസംകൂടാതെ തുക കൊടുക്കുന്നതാണു്.

(ബി) പ്രമാണങ്ങൾ ഹാജരാക്കാനുള്ള താമസംകൊണ്ടു് ചിലരുടെ പ്രോവിഡൻറ ഫണ്ടു് കണക്കുതീർക്കാൻ താമസമുണ്ടു്.

(സി) അതേ.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: പ്രമാണങ്ങൾ ഹാജരാക്കണമെന്നു പറയുന്നതു എന്തെല്ലാം പ്രമാണങ്ങളാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നോൺലയബിലിറ്റി സർട്ടിഫിക്കറ മുതലായ ചില പ്രമാണങ്ങളെല്ലാം ഹാജരാക്കേണ്ടതുണ്ടു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: പ്രൈവറ്റ സ്കൂളിലെ അദ്ധ്യാപകന്മാർക്കും നോൺലയബിലിറ്റി സർട്ടിഫിക്കറ ആവശ്യമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമാണു്, അവർ ജോലിയിലിരുന്ന സ്കൂളിൽ യാതൊരു ലയബിലിറ്റിയുമില്ലെന്നു മാനേജരുടെ സർട്ടിഫിക്കറ ഹാജരാക്കേണ്ടതു ആവശ്യമാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: അതു കിട്ടുന്നതിനു പലപ്പോഴും ആറേഴുമാസം താമസമുണ്ടാകുന്നുണ്ടെന്നറിയാമോ;

ശ്രീ. ടി. കെ. നാരായണപിള്ള: മാനേജരന്മാർ അങ്ങിനെ കാലതാമസപ്പെടുത്തുന്നുണ്ടെങ്കിൽ അതിൻറെ ഉത്തരവാദിത്വം ഗവണ്മെൻറിനല്ല. ഹാജരാക്കേണ്ട പ്രമാണങ്ങൾ ഹാജരാക്കിയാൽ കണക്കു തിട്ടപ്പെടുത്തി പണംകൊടുക്കുന്ന ചുമതലമാത്രമേ ഗവണ്മെൻറിനുള്ളൂ.

ശ്രീ റാഫേൽ ജെ. റൊഡ്രിഗ്സ്: വിവരങ്ങൾ ആവശ്യപ്പെടുന്നതുതന്നെ ഒരുമിച്ചു് ചെയ്യാതെ കാലതാമസം ഉണ്ടാകത്തക്കവിധത്തിൽ കുറേശ്ശകുറേശ്ശയായി ചെയ്തുവരുന്ന ഒരു പതിവുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഉദ്യോഗത്തിൽനിന്നും പിരിയുന്ന ഉദ്യോഗസ്ഥന്മാരോടു് ഉടനെതന്നെ നോൺലയബിലിറ്റി സർട്ടിഫിക്കറ ഹാജരാക്കണമെന്നു് ആവശ്യപ്പെടാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. എന്നുമാത്രമല്ല അതിനു് സ്റ്റാൻറിംഗ് ഓർഡറിൽതന്നെ പ്രത്യേകം വ്യവസ്ഥയും ഉണ്ടു്.

ഗൃഹനിർമ്മാണം

*ക്ഷ ന്യൂ. (ക്ഷ ൨) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗൃഹനിർമ്മാണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ക്ഷൻ ൫൦–൫൧–ലെ ബഡ്ജറ വ്യവസ്ഥയനുസരിച്ചു് എത്ര വീടുകൾ പാവപ്പെട്ടവർക്കു് പണിചെയ്യിച്ചുകഴിഞ്ഞു;

(ബി) അവ എവിടെയെല്ലാം; എത്രവീതം?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

൪൭൦–ാം നമ്പർ ചോദ്യത്തിനു ഉത്തരമായി ഈ ചോദ്യത്തിന്റെ ഉത്തരം മേശപ്പുറത്തു വച്ചിരുന്നു. ഞാൻ മുന്നുകൂടി വായിക്കാം.

(എ)–(ബി) ൧൯൫൭–൫൮-ലെ ബഡ്ജറവ്യവസ്ഥയനുസരിച്ചുള്ള വീടുകളുടെപണി ഒരു സെൻറിലും പൂർത്തിയായില്ല. തേവര (൧൨), തേരൂർ (൧൦), എനയം (൩൦), വിഴിഞ്ഞം (൧൪) എന്നീ സെൻറുകളിലായി ആകെ വ്യ൭ വീടുകളുടെ പണി തുടങ്ങിക്കഴിഞ്ഞു. കൂടാതെ ൧൩ സെൻറുകളിലായി ൧൭൫ വീടുകളും പണിയുന്നതിനു അനുവാദവും നൽകിയിട്ടുണ്ട്. പണിതുടങ്ങുന്നിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കയാണു്.

ശ്രീ. ടി. വി. തേവൻ: ഇതിൽ കർഷകതൊഴിലാളികൾക്കുള്ള വീടുകൾ പെടുന്നുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള: കർഷകതൊഴിലാളികൾക്കാണു് അധികവും.

ശ്രീ പൊന്നറ ജി. ശ്രീധർ: തേരൂരിൽ വീടുകൾ പണിയുന്നുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: തേരൂരിൽ എത്ര പാവങ്ങൾക്കു വേണ്ടിയാണു് വീടുകൾ പണിയുന്നതെന്നു പറയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള എത്രയാളുകൾക്കു വേണ്ടിയാണെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഒരു കോവാപ്പറേറീവു സൊസൈറ്റി മുഖാന്തിരമാണു് അവിടെ വീടുകൾ പണിയുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ൧൩ സെൻറുകളിലായി ൧൭൫ വീടുകൾ പണിയുന്നതിൽ തേരൂരിൽ എത്ര വീടുകൾ പണിയുന്നുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: തേരൂരിൽ വീടുപണി തുടങ്ങിയിട്ടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: തേരൂരിൽ വീടുകൾ പണിയുന്നതിനു എൽപിച്ചിട്ടുള്ള കോവാപ്പറേറീവു സൊസൈറ്റി മി. ശിവൻപിള്ള, എം. പി. യും അദ്ദേഹത്തിന്റെ വീടുകാരുംകൂടി സ്ഥാപിച്ചിട്ടുള്ള സൊസൈറ്റിയാണെന്നു സർക്കാരിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

Sri. P. S. Nataraja Pillai: How many houses are being built there?

Sri. T. K. Narayana Pillai: 20.

Sri. P. S. Nataraja Pillai: Is it allotted in the name of each individual or each family?

Sri. T. K. Narayana Pillai: Each family, one house. The whole building scheme is entrusted to the co-operative society

Sri. P. S. Nataraja Pillai: Has the Government gone into the details whether it has been allotted to members of one family?

Sri. T. K. Narayana Pillai: Buildings have not been allotted at all. The buildings are still under construction.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കൊല്ലത്തു് വീടുകൾ പണിയുവാൻ നിശ്ചയിച്ചിട്ടുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള: കൊല്ലത്തു് വീടുകൾ പണിയുന്നതിനു് ഇതേവരെ സ്ഥലം അവിടെ കിട്ടിയിട്ടില്ല. സ്ഥലം ഏതാണെന്നു് തീരുമാനിച്ചതിനുശേഷം അടുത്ത കൊല്ലം അവിടെ പണിയുവാൻ ആലോചിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഗവണ്മെണ്ടിന്റെവക സ്ഥലം അവിടെയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സ്ഥലത്തെ സംബന്ധിച്ച് തർക്കം ഉണ്ടായിരുന്നു. റൈഫിൾമൈതാനം വീടുകൾ പണിയുന്നതിനു കൊടുക്കത്തക്കതല്ലെന്ന് ഐ. ജി. യുടേയും മറ്റധികാരികളുടേയും റിപ്പോർട്ട് ഉണ്ടായിരുന്നു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ സ്ഥലത്തു് ഇപ്പോൾ ആരുകൾ താമസിക്കുന്നുണ്ടല്ലോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ആരുകൾ താമസിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചു പറയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ രാജ്യത്തു് എത്ര ഭവനരഹിതർ ഉണ്ടെന്നു് ഗവണ്മെൻറ് വല്ല കണക്കും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്കെടുക്കുന്നുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഭവനരഹിതക്കാണു് വീടുകൾ പണിതു് കൊടുക്കുന്നതെന്നും ആ വീടുകളിൽ താമസിക്കുന്നവർ ഭവനരഹിതർ ആണെന്നും അറിയുന്നതു് എങ്ങനെയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഭവനരഹിതരായിട്ടുള്ളവക്കാണു് വീടുകൾ കൊടുക്കുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഉദ്ദേശം എത്ര കൊല്ലംകൊണ്ടു് ഈ രാജ്യത്തുള്ള ഭവനരഹിതക്കു് എല്ലാവക്കും വീടുകൾ ഉണ്ടാക്കിക്കൊടുക്കുവാൻ കഴിയുമെന്നു് ഗവണ്മെൻറിനു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ആരോ കൊല്ലവും പണിയുന്ന വീടുകളുടെ എണ്ണം അനുസരിച്ചിരിക്കും.

Sri. D. Gnanasigamoni: Before allotting the houses in Therur, will the Government be pleased to see that the houses do not go to one family?

Sri. T. K. Narayana Pillai: Certainly, the Government will see to that.

Sri. C. V. Iyyu: On a point of information Sir, പേത്തുരിൽ.....

ശ്രീ. ടി. കെ. നാരായണപിള്ള: പേത്തുരല്ല. തേത്തുരാണു്.

MINISTERS

***1169. (13) Sri. M. I. Paul:** Will the Hon'ble the Chief Minister be pleased to state.—

(*a*) when the new ministry was formed and the reason why no representation was given to Cochin when the new ministry was formed; and

(*b*) is it a fact that there is a great dissatisfaction among the people of Cochin in not giving any representation to Cochin in the formation of the new ministry, if so, what is the remedy that the Government intend to make in this matter?

Minisier for Education, food and Labour **(Sri. T. K. Narayana Pillai):** (*a*) On 3rd March 1951. The Ministry has not been fully constituted, and the question of giving representation to all interests is under consideration.

(*b*) This is a matter of opinion.

ശ്രീ. എം. ഐ. പോൾ: പുതിയ മന്ത്രിസഭ രൂപീകരിക്കുന്നതിനു് മുമ്പു് ഇടുക്കിവപേരൂർ ഡി. സി. സി. പ്രസിഡൻറിന്റേയും പാർലിമെൻററി ബോർഡ് പ്രസിഡൻറിന്റേയും സാന്നിദ്ധ്യത്തിൽവെച്ചു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനോടു് മന്ത്രിസഭയിൽ ചേരണമെന്നു് ലീഡർ ആവശ്യപ്പെട്ടിട്ടില്ലേ?

Mr. Speaker: That question is disallowed.

LIBRARY ARCHIVES Kerala Legislative Assembly